30527

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - ഹയർസെക്കന്ററി വിദ്യാഭ്യാസം - ജീവനക്കാര്യം - ഹയർസെക്കന്ററി പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (യു) വകുപ്പ്

സ.ഉ.(സാ)നം.2497/2013/പൊ.വി.വ തീയതി, തിരുവനന്തപുരം 18-06-2013

പരാമർശം :
1. സ.ഉ.(സാധാ) നം: 130/13/പൊ.വി.വ തീയതി 09-01-2013
2. സ.ഉ.(സാധാ) നം: 136/13/പൊ.വി.വ തീയതി 11-01-2013.
3. ശ്രീമതി വി. ജി. കർമ്മലാഭായിയുടെ 12-01-2013 ലെ നിവേദനം.
4. ശ്രീ. എൻ. രത്നകുമാറിന്റെ 21-01-2013 ലെ നിവേദനം
5. കെ.എസ്.റ്റി.എ ജനറൽ സെക്രട്ടറിയുടെ 11-06-2013 ലെ നിവേദനം

ഉത്തരവ്

2013, ജനുവരി 8-ാം തീയതി മുതലാരംഭിച്ച ഒരു വിഭാഗം സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയം പണിമുടക്കുമായി ബന്ധപ്പെട്ട് പട്ടം G.M. G H.S.S. പ്രിൻസിപ്പാളായിരുന്ന ശ്രീ. എൻ രത്നകുമാറിനെ ചിറയിൻകീഴ് കൂന്തള്ളൂർ P.N.M.G.H.S.S. ലേക്കും വെഞ്ഞാറമൂട് G.H.S.S. ലെ പ്രിൻസിപ്പാളായിരുന്ന ശ്രീമതി വി. ജി. കർമ്മലാഭായിയെ മലപ്പുറം ചെറിയമുണ്ടം G.H.S.S. ലേക്കും യഥാക്രമം പരാമർശം (1), (2) എന്നിവ പ്രകാരം സ്ഥലം മാറ്റി ഉത്തരവായിരുന്നു.

2. പരാമർശം (3) ലെ ശ്രീമതി കർമ്മലാഭായി വി.ജി യുടെ നിവേദനത്തിൽ തന്റെ ഭർത്താവ് ഇടുക്കി ജില്ലയിൽ സർക്കാർ സർവ്വീസിലാണെന്നും, മകൾ തിരുവനന്തപുരത്ത് വിദ്യാർത്ഥിയാണെന്നും, താൻ പട്ടിക ജാതി വിഭാഗ ത്തിൽപ്പെട്ട വനിതയാണെന്നും സമരവുമായി ബന്ധപ്പെട്ട സ്ഥലമാറ്റം തന്റെ കുടുംബത്തെയാകെ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണെന്നും വിവരിച്ചി രിക്കുന്നു.

3. പരാമർശം (4) ലെ നിവേദനത്തിൽ ശ്രീ. എൻ രത്നകുമാർ, 2013 ജനുവരി 8 മുതൽ നടന്ന പണിമുടക്കിൽ സ്കൂൾ പൂട്ടിയിരുന്നതായ ആരോപണം വസ്തുതാവിരുദ്ധമാണെന്നും എന്നാൽ യഥാർത്ഥത്തിൽ ഓഫീസും കമ്പ്യൂട്ടർ റൂമുകളും മാത്രമാണ് പൂട്ടിയിരുന്നതെന്നും സ്ക്കൂളിൽ കയറുന്നതിനോ, ക്ലാസ്സെടുക്കുന്നതിനോ തടസ്സങ്ങളുണ്ടായിരുന്നില്ലെന്നും പ്രതിപാദിച്ചിരിക്കുന്നു.

അതിനാൽ ടിയാന്റെ സ്ഥലമാറ്റം റദ്ദാക്കി പട്ടം G.M.H.S.S. ഫോർ ഗേൾസ് ൽ തിരികെ നിയമിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യങ്ങൾ വീണ്ടും വിശദമായി പരിശോധിക്കുകയുണ്ടായി, ശ്രീമതി കർമ്മലാഭായി വി.ജി പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതയാണെന്നതും, ടിയാരിയുടെ മകൾ തിരുവനന്തപുരത്ത് വിദ്യാർത്ഥിയാണെന്നതും കണക്കിലെടുത്തും, മാനുഷിക പരിഗണന നൽകിയും ശ്രീമതി വി. ജി കർമ്മലാഭായിയെ മലപ്പുറം ചെറിയമുണ്ടം G.H.S.S. ൽ നിന്നും തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് P.N.M.G.H.S.S. ലേക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

5. പരാമർശം (1) സ.ഉ. പ്രകാരം തിരുവനന്തപുരം പട്ടം G.M.G. H.S.S. ൽ നിന്നും ചിറയിൻകീഴ് കൂന്തള്ളൂർ P.N.M. G.H.S.S. ലേയ്ക്ക് സ്ഥലം മാറ്റപ്പെട്ട ശ്രീ. എൻ. രത്നകുമാറിന് പകരം പ്രസ്തുത സ്കൂളിൽ നിയമിതയായ ശ്രീമതി പി.വി. ശൗര്യമ്മ, ടിയാനെക്കാളും സീനിയറും, പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വനിതയും ദീർഘകാലമായി ഈ സ്കൂളിലേക്ക് സ്ഥലമാറ്റം ആവശ്യപ്പെട്ടുകൊണ്ടിരുന്ന വ്യക്തിയുമാണ്. ആയതിനാൽ ശ്രീ. എൻ രത്നകുമാറിനെ കരകുളം G.V.H.S.S. ലേക്ക് സ്ഥലം മാറ്റി നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

6. ഈ ഉത്തരവുകൾ ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.എം. തോമസ്
അഡീഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഏ. ജി (ഓഡിറ്റ്) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ ( എ & ഇ) കേരള, തിരുവനന്തപുരം
3. ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം
4. ആർ.ഡി.ഡി. , ഹയർ സെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം/കോഴിക്കോട്
5. ബന്ധപ്പെട്ട വ്യക്തികൾക്ക് (ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസം മുഖേന)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Endt Ad B, 9657. HSE.13 Dated 21.6.13

Copy communicated to concerned Principals for information and necessary action

Senior Administrative Officer
For Director